# ജാമക്കാരൻ
# JAMAKKARAN

**VOLUME - 2** **Reg NO.TNBIL/2016/70171** **ISSUE - 12**

**DECEMBER 2018 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


*(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).*

*ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - കത്തോലിക്ക വേദപുസ്തകം).*


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



ജാമക്കാരൻ JAMAKKARAN




**കർത്താവിൽ പ്രിയരെ,**

**നിങ്ങൾ എല്ലാവർക്കും ക്രിസ്തുമസ് പുതുവൽസര (2019) ആശംസകൾ.**

**കഴിഞ്ഞ മാസം മാസികയുടെ കമ്പ്യൂട്ടർ ഫോണ്ട് മാറിയതുകൊണ്ട് അക്ഷരങ്ങൾ വായിക്കുവാൻ നിങ്ങൾക്ക് ഉണ്ടായ വിഷമതകളിൽ ഞാൻ അതിയായി ഖേദിക്കുന്നു.**

*എന്റെ പ്രിയപ്പെട്ട വായനക്കാരേ, നാം 2018 വർഷത്തിന്റെ അവസാന നാളുകളിലേക്ക് കടന്നിരിക്കുകയാണ്. ഇതുവരേയും കൃപയോടെ നമ്മെ വഴി നടത്തിയ ദൈവത്തെ നമുക്ക് നന്ദിയോടെ സ്തുതിക്കാം.*

*നാം കടന്നുപോയ കാലത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുന്നത് നമുക്ക് നല്ലതായിരിക്കും. അപ്പോഴാണ് ദൈവത്തെ സ്തുതിക്കുവാനും സാധിക്കുന്നത്. എത്രയോ പ്രശ്നങ്ങൾ, വിവിധങ്ങളായ രോഗങ്ങൾ നമ്മെ ബാധിച്ചിരിക്കാം. പല കുടുംബങ്ങളിലും മക്കളെക്കുറിച്ചുള്ള ആകുലതകൾ നമ്മെ അലട്ടിയിരിക്കാം. തൊഴിൽസ്ഥലങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥകളിൽ കൂടി*

**DECEMBER - 2018**

കടന്നുപോയിരിക്കാം. അതുകാരണം വലിയ തോതിൽ കടഭാരങ്ങളിൽ അകപ്പെട്ടു പോകാവുന്ന സാഹചര്യങ്ങളിൽ കൂടി കടന്നുപോയിരിക്കാം. അതുമൂലം ഉണ്ടാകാമായിരുന്ന അപമാനത്താൽ നിങ്ങൾ ഉത്ക്കണ്ഠാഭരിതരായിരിക്കാം. വിവിധങ്ങളായ രോഗങ്ങളാൽ മരണത്തെ അഭിമുഖീകരിച്ചിരിക്കാം. അങ്ങനെയുള്ള അവസ്ഥകളിൽ നിന്നും നമ്മെ കരംപിടിച്ചു വിടുവിച്ച സ്നേഹവാനായ ദൈവത്തെ ഓർത്ത് സ്തുതിക്കുവാൻ ഈ നാളുകളെ നമുക്ക് ഉപയോഗിക്കാം.

എനിക്കു വന്ന കത്തുകളിൽ ചില കുടുംബങ്ങൾ ചില പ്രശ്നങ്ങളാൽ തകർന്നു പോകുന്ന അവസ്ഥയിൽ, യേശുക്രിസ്തുവിനോട് നിലവിളിച്ച് കരഞ്ഞു പ്രാർത്ഥിച്ചപ്പോൾ ഒറ്റരാത്രി കൊണ്ട് അവരുടെ പ്രശ്നങ്ങളെല്ലാം തലകീഴായി മറിഞ്ഞ് കുടുംബം വേർപെടാതെ സഹായിച്ച ദൈവത്തിന്റെ അത്ഭുതപ്രവർത്തികളെ എനിക്ക് എഴുതി അറിയിച്ചത് ഓർത്ത് നിങ്ങളോടൊപ്പം ഞാനും ദൈവത്തെ സ്തുതിച്ചു. കുടുംബബന്ധങ്ങളിൽ നഷ്ടപ്പെട്ട സന്തോഷം അവർക്ക് വീണ്ടും ലഭിച്ചതായി അറിയിച്ചതിൽ എത്ര സന്തോഷം. നമ്മുടെ ദൈവം കുടുംബബന്ധങ്ങളെ വേർപെടുത്തുന്ന ദൈവമല്ല, മറിച്ച് ചേർക്കുന്ന ദൈവമാണ്. മറ്റുള്ളവരുടെ മുന്നിൽ തല കുനിക്കുവാൻ നമ്മുടെ ദൈവം ഒരിക്കലും അനുവദിക്കുകയില്ല. ഇതുപോലെ നമ്മുടെ കഴിഞ്ഞകാല അനുഭവങ്ങളെ ഓർത്ത് ഈ നാളുകളിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് നന്ദി പറയുന്നതായിരിക്കും ദൈവയിഷ്ടം.

“യഹോവയിൽ രസിച്ചുകൊൾക; അപ്പോൾ അവൻ നിങ്ങളുടെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിറവേറ്റിത്തരും” (സങ്കീ: 37:4, ഫിലി : 4:4) ദൈവത്തോട് ചോദിക്കുവാൻ ഒന്നുമില്ല. പക്ഷേ സ്തുതിക്കുവാൻ വിഷയങ്ങൾ ധാരാളമുണ്ട്. വായനക്കാർക്ക് എഴുതുന്ന ഈ ആലോചന എന്റെ ജീവിതത്തിൽ പ്രവർത്തിയിൽ കൊണ്ടുവന്നവനാണ് ഞാൻ. ഓരോരോ മാസവും ഓരോരോ ആഴ്ചകളിലും യാത്രകൾക്കായി ഞാൻ കൂടുതൽ സമയവും ചെലവഴിക്കുന്നു. ആ യാത്രകളിൽ എന്റെ കിടക്കയിൽ (sleeper) ഇരുന്നുകൊണ്ട് ദൈവം ചെയ്ത കൃപകളെ ഓർത്ത്

ദൈവത്തെ സ്തുതിക്കുന്നു. എന്റെ ജീവിതത്തിലും സുവിശേഷ വേലയിലും ഞാൻ ചോദിക്കാതെതന്നെ അനേകം നന്മകളും അനുഗ്രഹങ്ങളും ദൈവം എനിക്ക് നൽകി. അതെല്ലാം ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

മറ്റു ദൈവവേലക്കാരെക്കാൾ എന്റെ ദൈവവേല വളരെ വ്യത്യസ്തമാണ്. കൂടുതൽ പ്രശ്നങ്ങളും ആപത്തുകളും എതിർപ്പുകളും നിറഞ്ഞതാണ് എന്റെ ദൈവവേല. എന്റെ മാസിക മുഖേന വായനക്കാർക്ക് മുന്നറിയിപ്പു നൽകുന്നതും വചനത്തിന്റെ അടിസ്ഥാനത്തിൽ തെറ്റും ശരിയും ചൂണ്ടിക്കാണിക്കുന്നതാണ് എന്റെ പ്രധാന വേല. (ലേവ്യ : 5 : 1, 2, യെഹ : 3 : 20, അപ്പൊ : 4 : 20). അതു മുഖാന്തിരമായി എന്റെ ദൈവവേലയിൽ പല വാതിലുകളും എന്റെ മുന്നിൽ അടയ്ക്കപ്പെട്ടു. പല ബിഷപ്പുമാരുടേയും, തങ്ങളുടെ ഡയോസിസുകളിലെ അഴിമതികളെ ചൂണ്ടിക്കാണിച്ച്, അത് മാസികയിലൂടെ വായനക്കാരോട് പങ്കുവയ്ക്കുന്നത് ബിഷപ്പുമാരുടെ വെറുപ്പിന് ഇടയാക്കി. വടക്ക്, തെക്ക് ഇങ്ങനെ ഇന്ത്യയിലുള്ള ബിഷപ്പുമാർ, മോഡറേറ്റർമാർ എന്നെ വെറുക്കുവാൻ തുടങ്ങി. എന്നെ അവരുടെ ഡയോസിസുകളിൽ അനുവദിച്ചതുകൊണ്ടല്ലേ, തങ്ങളെക്കുറിച്ച് മാസികയിൽ എഴുതുന്നത്. അതുകൊണ്ട് ഡയോസിസിനുള്ളിൽ കയറ്റാതവണ്ണം എഴുത്തുവഴിയല്ലാതെ വായ്മൊഴിയായി തടസ്സങ്ങളെ ഉണ്ടാക്കുവാൻ ശ്രമിച്ചു. പിശാച് തന്റെ നവീന ഉപദേശങ്ങളെ ഇങ്ങനെ ആത്മീകമല്ലാതെ ബിഷപ്പുമാർ മുഖേന സഭയ്ക്കുള്ളിൽ നുഴഞ്ഞു കയറ്റുവാൻ ശ്രമിച്ചത് ജാമക്കാരൻ വഴി ജനങ്ങളെ അറിയിച്ചു. പിശാച് സഭയ്ക്കുള്ളിലുള്ള ക്രിസ്ത്യാനികളെ നാമധേയ ക്രിസ്ത്യാനികളായി തന്നെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നു. സഭാജനങ്ങളിൽ ആത്മീക ഉണർവ്വ് ഉണ്ടാകുവാനും വചന അടിസ്ഥാനത്തിൽ അവരെ ജീവിക്കുവാനുള്ള ആലോചനകളെ നൽകുന്ന പ്രാസംഗികരെ തടയുവാനും പിശാച് പദ്ധതിയിട്ടിരിക്കുന്നു. 2018-ാം വർഷം ആരംഭം മുതൽതന്നെ ഇങ്ങനെയുള്ള ശ്രമം ഡയോസിസുകളിൽ തുടങ്ങിയ വിവരം ചിലരിൽക്കൂടി ഞാൻ

അറിയുവാനിടയായി. സഭ നേതാക്കളുടെ വലിയ അധികാരങ്ങളെ ദുരുപയോഗം ചെയ്ത് എന്നെയും മുടക്കുവാൻ പിശാച് ശ്രമിച്ചു. പക്ഷേ അവൻ പരാജയപ്പെട്ടു.

ബാൽ വിഗ്രഹങ്ങൾക്കു മുന്നിൽ മുട്ടുമടക്കാത്ത ചിലരെ ഞാൻ സൂക്ഷിച്ചു വച്ചിരിക്കുന്നു. നീ ഒന്നിലും ഭയപ്പെടരുത് എന്ന് ഏലിയാവിനോട് ദൈവം പറഞ്ഞ് കാണിച്ചതുപോലെ എന്റെ ദൈവവേലയിലും (ഇന്ത്യയിലും വിദേശത്തും) മാർത്തോമ്മാ, CSI യിലുള്ള ഓരോരോ ഡയോസിസുകളിലും ദൈവഭയമുള്ള ആത്മീകരായ വിശ്വാസികളേയും അച്ചൻമാരേയും എനിക്കു വേണ്ടി ദൈവം ഒരുക്കിയിട്ടുള്ളത് ദൈവം എനിക്കു കാണിച്ചുതന്നു. അവരെക്കൊണ്ട് വലിയ കാര്യങ്ങളെ സഭകളിൽ ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് സഭകളിൽ എന്റെ വേല തുടർന്നും നടന്നു കൊണ്ടിരിക്കുന്നു. വിശ്വാസികൾ എന്നിൽ അർപ്പിച്ചിരിക്കുന്ന സ്നേഹവും വിശ്വാസവും സഭാനേതാക്കളെ കൊണ്ട് മുടക്കുവാൻ സാധിച്ചിട്ടില്ല. സഭാജനങ്ങളും അച്ചൻമാരും എന്നെയും എന്റെ ദൈവവേലയും നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

എല്ലാ സഭാജനങ്ങൾക്കും അറിയിക്കേണ്ട വേദവചന രഹസ്യങ്ങൾ ധാരാളമുണ്ട്. സഭാജനങ്ങൾക്കു ചുറ്റും പിശാച് വലവിരിച്ചിരിക്കുന്നു. ഒരു വശത്ത് വികാര ഉപദേശങ്ങൾ മറ്റൊരു വശത്ത് രോഗശാന്തി എന്ന പേരിൽ സഭാജനങ്ങളെ പണത്തിന് വേണ്ടി വഞ്ചിക്കുന്ന ദൈവവേലക്കാർ. മറ്റൊരു ഭാഗത്ത് കള്ളപ്രവചനങ്ങളും കള്ളഉപദേശങ്ങളും നിറഞ്ഞിരിക്കുന്നു. ഇവരുടെ കയ്യിൽ സഭാജനങ്ങൾ വീണുപോകാതെ ഇവരെ വചനത്തിൽ നടത്തുവാൻ ദൈവം എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഈ പ്രായത്തിലും എന്നെ നാലു മണിക്കൂറും 2 മണിക്കൂറും ഒറ്റനിൽപ്പിൽ നിന്നു പ്രസംഗിക്കുവാനും മലകളിൽ കയറി സുവിശേഷം അറിയിക്കുവാനും ദൈവം എനിക്ക് ആരോഗ്യവും ബലവും നൽകി അനുഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

2018-ാംവർഷം അവസാനിക്കുന്ന ഈ മാസത്തിൽ എന്തോ ഈ കാര്യങ്ങളെക്കുറിച്ച് ഞാൻ ചിന്തിക്കുവാനിടയായി. അതുകൊണ്ട് ഈ വിഷയത്തെ ജാമക്കാരൻ മാസിക കുടുംബങ്ങൾക്ക് ഇതെഴുതി അറിയിക്കുന്നു.

ഈ അവസരത്തിൽ ഇന്ത്യയിലെ എന്റെ ദൈവവേലയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നവരേയും സഹായിക്കുന്നവരേയും ഞാൻ ഓർമ്മിക്കുന്നു. തമിഴ്നാട്ടിലെ നാഗർകോവിൽ, തിരുനെൽവേലി, തൂത്തുക്കുടി, ചെന്നൈയിലെ ചില സ്ഥലങ്ങളിൽ, മധുര ജില്ലയിലെ ചില സ്ഥലങ്ങളിലും ഉള്ള വിശ്വാസികൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം സാമ്പത്തികസഹായങ്ങളും നൽകിവരുന്നു. കേരളത്തിൽ, എന്റെ ദൈവവേലയിൽ സാമ്പത്തികമായി എന്നെ കൂടുതൽ താങ്ങുന്നവർ മദ്ധ്യകേരള ഡയോസിസ് (സി.എസ്.ഐ & മാർത്തോമ്മ) ദക്ഷിണകേരള & ഈസ്റ്റ് കേരള ഡയോസിസിലുള്ള ചില സ്ഥലങ്ങളിൽ ഉള്ളവരും, മലബാർ-കൊച്ചി ഡയോസിസിലുള്ള ചില സ്ഥലങ്ങളിൽ ഉള്ളവരും എന്നെ തുടർന്നും താങ്ങിക്കൊണ്ടിരിക്കുന്നു. എന്റെ അനുഭവത്തിൽ കേരളത്തിലുള്ള സഭകളിൽ മദ്ധ്യകേരളയിലാണ് (സി.എസ്.ഐ, മാർത്തോമ്മ & Jacobite)ബിഷപ്പ്മാരെ ജനങ്ങൾ കൂടുതൽ ബഹുമാനിക്കുന്നത്. അവരിൽ ചിലർ പാപമോ തെറ്റുകളോ ചെയ്തിരുന്നാലും അതു കാര്യമാക്കാതെ ആ ബിഷപ്പുമാരെ ദൈവതുല്യമായി ബഹുമാനിക്കുന്നു. അതിൽ ചിലർ ബിഷപ്പുമാരെ 'ദൈവമായി' കണ്ട് പെരുമാറുന്നു. ഈ ഭാഗങ്ങളിൽ കൺവെൻഷൻ നടന്നാൽ നോട്ടീസുകളിലും പോസ്റ്ററുകളിലും വർത്തമാനപത്രങ്ങളിലും കൺവെൻഷനെക്കുറിച്ചുള്ള പരസ്യത്തിൽ ബിഷപ്പുമാരുടെ പേര് വലിയ അക്ഷരത്തിലും പ്രസംഗകരുടെ പേര് ചെറിയ അക്ഷരങ്ങളിലും എഴുതി പ്രസിദ്ധീകരിക്കുന്നു. മാരാമൺ പോലെയുള്ള പ്രസിദ്ധ യോഗങ്ങളുടെ പരസ്യങ്ങളിലും മുകളിൽ പറഞ്ഞ വ്യത്യാസങ്ങൾ കാണാം. വിദേശങ്ങളിലുള്ള മലയാളികൾ തമിഴ് വിശ്വാസികളേക്കാൾ എന്നെ കൂടുതൽ സ്നേഹിക്കുന്നു. അവർക്കു വേണ്ടിയും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. 2018-ാം വർഷാവസാനത്തിൽ എന്റെ മനസ്സിലുള്ളത് അതേപോലെ എന്റെ വായനക്കാരോട് പങ്കുവച്ച് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവം അനുവദിച്ചാൽ 2019-ാം വർഷവും ജാമക്കാരൻ വഴി വീണ്ടും നമുക്ക് ബന്ധപ്പെടുവാൻ കർത്താവ് കൃപ നൽകുമാറാകട്ടെ !!!

ഡോ. പുഷ്പരാജ്



# എന്റെ കിണർ നിറഞ്ഞു

(ഡോ. ലില്ലിയൻ സ്റ്റാൻലി M.B.B.S, DCH.,)

വ്യക്തിപരമായ ഉണർവ്വിനുള്ള നല്ലൊരു തലക്കെട്ടാണിത്. മൺസൂൺ ആരംഭിക്കുമ്പോൾ നാം പലയിടത്തും മഴയെക്കുറിച്ച് കേൾക്കും. എന്റെ സ്ഥലത്ത്, എന്റെ പട്ടണത്ത്, എന്റെ സംസ്ഥാനത്ത്, മഴയില്ലാതെയിരിക്കുന്നത് എന്താണ് ? എന്റെ കിണർ നിറയാതെ മഴ പെയ്തത് കൊണ്ട് വ്യക്തിപരമായി എനിക്കൊരു ഗുണവുമില്ല. ഉണർവ്വിന്റെ കാര്യത്തിലും സ്ഥിതി ഇതുതന്നെ, അമേരിക്കയിലും ഇംഗ്ലണ്ടിലും ഇന്തോനേഷ്യയിലുമുള്ള ഉണർവ്വിനെപ്പറ്റി നാം സംസാരിക്കുന്നു. എന്നാൽ ഞാൻ ഉണർവ്വ് പ്രാപിച്ചില്ലെങ്കിൽ എനിക്ക് എന്ത് പ്രയോജനം?

യേശു പറഞ്ഞു, “മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്” (യോഹ. 10:10). നമ്മിൽ ചിലരെ പോലെ എങ്ങനെയെങ്കിലും ജീവിക്കുന്നതിന് സഹായിക്കുവാനല്ല മറിച്ച് വളരെ സന്തോഷവും സമൃദ്ധിയുമുള്ള ജീവിതം നയിക്കുന്നതിനാണ് യേശു വന്നത്. അതാണ് ഉണർവ്വ്. മഹാരാഷ്ട്രയിലെ വരൾച്ച ബാധിത പ്രദേശത്ത് വൃദ്ധനായ ഒരു മനുഷ്യൻ അൽപം ദാഹജലത്തിനായി ചെറിയ ഒരു പാത്രവുമായി കാത്തുനിൽക്കുന്ന ചിത്രം നിങ്ങൾ പത്രമാധ്യമങ്ങളിൽ കൂടി കണ്ടിരിക്കാം. ഒരു ഗ്ലാസ്സ് വെള്ളം ലഭിക്കുന്നതിനാണോ ധാരാളമായി മഴ ലഭിക്കുന്നതിനാണോ അവൻ കൂടുതൽ സന്തോഷിക്കുന്നത് ? അതാണ് നമ്മുടെ ദൈനംദിന ജീവിതവും ഉണർവ്വും തമ്മിലുള്ള വ്യത്യാസം. ഒരു ഗ്ലാസ്സ് വെള്ളമല്ല, മഴയും, നദികളും, വെള്ളച്ചാട്ടങ്ങളുമാണ് നമുക്കാവശ്യം. ഞങ്ങളുടെ പൂന്തോട്ടത്തിൽ കുറച്ച് ചെടികളുണ്ട്. ഞാൻ എല്ലാ ദിവസവും വെള്ളം നനയ്ക്കുകയും പൂവ് വിരിയുന്നതിനു വേണ്ടി കാത്തിരിക്കുകയും ചെയ്യുന്നു. എങ്കിലും അവ സഹകരിക്കുന്നില്ല. എന്നാൽ മഴ പെയ്യുമ്പോൾ അവ മൊട്ടിട്ടു പൂവ് വിരിക്കുന്നു. അത്

എന്നെ സന്തോഷിപ്പിക്കുന്നു. സാധാരണ ജീവിതത്തിനും സമൃദ്ധമായ ജീവിതത്തിനുമുള്ള ഒരു ഉദാഹരണമാണിത്.

ഉണർവ്വ് സാധാരണമാണ്. ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ തന്നെ ഉണർവ്വ് പ്രാപിക്കുന്നു. അവൻ പാപത്തിൽ മരിച്ചിരുന്നു. എന്നാൽ ഇപ്പോൾ ക്രിസ്തുവിൽ ജീവിച്ചിരിക്കുന്നു. അവൻ മറ്റുള്ളവർക്ക് പ്രകാശപൂരിതമാകുന്നു. ഇതു സഹിക്കാൻ കഴിയാതെ പിശാച് മോശമായ വ്യക്തികളെക്കൊണ്ട് നമുക്ക് ചുറ്റും നിർത്തി നമ്മുടെ വ്യക്തിജീവിതത്തെ സ്വാധീനിക്കുന്നു. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെ അവർ കാർന്നെടുത്ത് ഉണർവ്വിനെ കൊല്ലുന്നു. ഉണർവ്വിന്റെ അഗ്നി നമ്മിൽ തണുത്തുറഞ്ഞ് കെട്ടുപോകുന്നു. അപ്രകാരം പിശാച് നമ്മെ നശിപ്പിക്കുന്നു. ഇതുമാത്രമാണ് അവന്റെ ജോലി. മോഷ്ടിക്കുവാനും, അറുപ്പാനും കൊല്ലുവാനും മാത്രമാണ് അവൻ വരുന്നത്.

നാം മടിയോടുകൂടി സഭയിൽ പോകുകയും, ഉറങ്ങിയുറങ്ങി പ്രാർത്ഥിക്കുകയും, മനസ്സില്ലാതെ ബൈബിൾ വായിക്കുകയും ചെയ്യുന്നു. കേവലം ഒരു ഗ്ലാസ്സ് വെള്ളം കൊണ്ട് നാം തൃപ്തരാകുന്നു. സമൃദ്ധമായ മഴയ്ക്ക് നാം വാഞ്ഛിക്കുന്നില്ല. ആഴങ്ങളിലേക്ക് നീന്തുവാൻ നമുക്ക് താൽപര്യമില്ല.

"ഉണർത്തുക" എന്നത് ഒരു മെഡിക്കൽ പദമാണ്. ഒരു വ്യക്തിയെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരിക എന്നാണർത്ഥം. ഈ ഉണർവ്വിന്റെ ജീവിതത്തിൽ കുന്നുകളും താഴ്വരകളും കടന്നു പോകേണ്ടതായിട്ടുണ്ട്. ഒരു ദിവസം ദൈവത്തെ പാടി സ്തുതിച്ച് ചാടി ആഹ്ലാദിക്കുമ്പോൾ അടുത്ത ദിവസം നാം താണ നിലത്തിലായിരിക്കും. ഇതു സാധാരണമാണ്. എന്നാൽ നാം താഴ്വരയിൽ ആയിരിക്കുന്നത് ശ്രദ്ധിക്കാതിരുന്നാൽ അത് അപകടസൂചനയാണ്.

യെശയ്യാവ് 64:7 ൽ ഈ സംഗതി വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവനും നിന്നെ മുറുകെ പിടിപ്പാൻ ഉത്സാഹിക്കുന്നവനും ആരുമില്ല". ഇതു വ്യക്തിയെ കുറിച്ചാണ് പറയുന്നതെന്ന് ശ്രദ്ധിക്കുക - ഒരു കൂട്ടത്തെയോ രാജ്യത്തെയോ അല്ല. വ്യക്തിപരമായ ഉണർവ്വിനു വേണ്ടി കാംക്ഷിക്കുന്നവൻ ആരുമില്ല എന്ന് ഇത് അർത്ഥമാക്കുന്നു. അലസനായ, മടിയുള്ള, വിരസതയുള്ള പകുതി കണ്ണുകൾ അടച്ച ഒരു വ്യക്തിയെ അർത്ഥമാക്കുന്നു. സാത്താൻ

*നമ്മെ മയക്കിയിരിക്കുകയാണ്. ദൈവം നമുക്ക് ഉത്തരമരുളാൻ എപ്പോഴും തയ്യാറാണെങ്കിലും നാം അവനെ വിളിച്ചപേക്ഷിക്കുന്നില്ല. നാം ദൈവത്തെ മുറുകെ പിടിക്കേണ്ടത് അത്യാവശ്യമാണ്. അബോധാവസ്ഥയിൽ നിന്ന് ഉണർന്ന് മുന്നോട്ടു കുതിക്കുക. അത്തരത്തിലുള്ള ഒരു വ്യക്തിയെയാണ് ദൈവം നോക്കി പാർക്കുന്നത്. ആ വ്യക്തി നിങ്ങൾ ആയിക്കൂടെ ?*

*ഉണർവ്വ് വ്യക്തിപരമായിത്തീരാതെ ഒന്നും സംഭവിക്കുകയില്ല. ഉണർവ്വ് എങ്ങനെയാണ് എന്നെ ബാധിക്കുന്നത് ? ഉത്തരം കണ്ടെത്തുക. ഉണർവ്വിന്റെ സ്പർശം നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇന്നു തന്നെ അതിനുവേണ്ടി വാഞ്ഛിക്കുക. ഉണർവ്വ് നിങ്ങളെ തേടിയെത്തും. നിങ്ങളുടെ കിണർ പൂർണ്ണമായും നിറയും. ഉണർവ്വ് വ്യക്തികളിൽ ആരംഭിക്കുന്നു. ആ വ്യക്തി നിങ്ങൾ ആകാം.*

*ആത്മീയ ഉണർവ്വ് വ്യക്തികളിൽ ആരംഭിക്കുന്നു. ദൈവം അബ്രഹാമിനോടു പറഞ്ഞു, "ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും" (ഉൽ. 12:2) ഉണർവ്വ് കൊണ്ടുവരുന്നതിനു വേണ്ടി ദൈവം ഒരു യുവാവായ യോസേഫിനെ തിരഞ്ഞെടുത്തു. ഒരു യുവാവായ ദാവീദ് ഗോല്യാത്തിനെ കൊന്ന് ദേശീയ നേതാവായി. ഒരു എസ്രാ, ഒരു നെഹെമ്യാവ്, ഒരു ഡെബോറ, ഒരു എസ്ഥേർ, ഒരു പൗലൊസ്, ഒരു പത്രോസ് എന്നിവർ രാജ്യത്ത് അഗ്നി ആളിക്കത്തിക്കുന്നതിൽ ദൈവത്തിന്റെ ഉപകരണങ്ങളായിരുന്നു. അവർ എല്ലാവരും ദൈവത്തെ മുറുകെ പിടിച്ചു. അതിനുവേണ്ടി നാമും ഉണർന്ന് എഴുന്നേൽക്കേണ്ടതാണ്. ബൈബിളിൽ ധാരാളം പേരുകൾ കൊണ്ട് നിറഞ്ഞിരിക്കുന്ന വസ്തുത നമ്മുടെ ദൈവം വ്യക്തിപരമായ ദൈവമാണെന്ന് വെളിപ്പെടുത്തുന്നു.*

*"എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു". എന്ന് പ്രവാചകൻ ആഹ്വാനം ചെയ്യുന്നു (യെശ. 60:1). എല്ലാ വ്യക്തികളും എഴുന്നേറ്റ് വിളക്കുകൾ തെളിയിച്ച് പ്രകാശിപ്പിക്കുന്നതിനുള്ള വിളിയാണിത്. നാം ഓരോരുത്തരും എഴുന്നേൽക്കുകയാണെങ്കിൽ ലോകത്തിൽ പ്രകാശം പരത്തുവാൻ കഴിയും. യേശു പറഞ്ഞു, "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" (മത്താ. 5:14). നാം*

*ഓരോരുത്തരും മറ്റുള്ളവർക്ക് മുന്നിൽ എഴുന്നേറ്റ് പ്രകാശിക്കുവാൻ ഉത്തരവാദിത്തമുള്ളവരാണ്. അപ്പോൾ അവർ നമ്മുടെ സൽപ്രവൃത്തികളെ കണ്ട് സ്വർഗ്ഗത്തിലെ പിതാവിനെ മഹത്വപ്പെടുത്തും (മത്താ. 5:16) അതാണ് ഉണർവ്വ്.*

*തീരുമാനം നമ്മുടേതാണ്. "എനിക്ക് എന്തു ചെയ്യാൻ കഴിയും?" എന്ന് ചിന്തിച്ച് നിരാശപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് എഴുന്നേറ്റ് പ്രകാശിക്കുകയോ ചെയ്യാം. നെഹമ്യാവ് യുവാക്കളുടെ ഒരു ദീപസ്തംഭമാണ്. യെരുശലേമിന്റെ മതിലുകളുടെ അവസ്ഥയെക്കുറിച്ചുള്ള വാർത്ത കേട്ടപ്പോൾ അവൻ വളരെ നിരാശനായി. അവൻ ദിവസങ്ങളോളം നിലവിളിച്ചു. എന്നാൽ അവൻ ആ ദുഃഖത്തിൽ മുങ്ങിയില്ല. അവൻ ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് എഴുന്നേൽക്കുവാൻ തീരുമാനിച്ചു. ആ തീരുമാനം ഒരു വലിയ ഉണർവ്വിലേക്ക് നയിച്ചു.*

*ചതഞ്ഞ ഓട ഒടിച്ചുകളയുന്നതും പുകയുന്ന തിരി കെടുത്തികളയുന്നതും ദൈവത്തിന്റെ പ്രവൃത്തിയല്ല (യെശ. 42:3). ദൈവം ചതഞ്ഞ ഓട ഒടിച്ചുകളയുകയില്ല. പിശാചാണ് അപ്രകാരം പ്രവൃത്തിക്കുന്നത്. താങ്കൾ ചതഞ്ഞ ഓടയോ പുകയുന്ന തിരിയോ ആണോ ? ഉണർവ്വ് എന്നത് താങ്കൾക്ക് പ്രാപ്യമാക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ട് അതിനെ മറക്കുക എന്ന് സാത്താൻ നിങ്ങളുടെ ചെവിയിൽ മന്ത്രിക്കുന്നുവോ? അവനെ വിട്ടുമാറി ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് എഴുന്നേൽക്കുക. പൂർണ്ണവും സമൃദ്ധവും ജയഘോഷം മുഴക്കുന്നതുമായ ജീവിതം നിങ്ങളുടെ ജന്മാവകാശമാണ്. അത് നിങ്ങൾക്ക് നൽകുവാനാണ് യേശു വന്നത്. കർത്താവ് നിങ്ങളുടെ ജീവിതത്തെ ബലത്തിൽ നിന്ന് ബലത്തിലേക്ക് നയിക്കും. ദൈവം വലിയവനാണ്, വലിയവ നേടുന്നതിന് നാം തയ്യാറാകുക.*

*എന്റെ താണ ജീവിതത്തിൽ നിന്ന് എന്നെ ഉയർത്തുന്നതിന് ഞാൻ ദൈവത്തോട് നിലവിളിച്ച് പ്രാർത്ഥിക്കുമായിരുന്നു. എനിക്ക് ഉയർച്ചയും താഴ്ചയും ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ നാളുകളിൽ ഉയർച്ചയിലേക്ക് ഞാൻ നീന്തിക്കൊണ്ടിരിക്കുകയാണ്. എനിക്ക് ഇപ്പോൾ ചൈതന്യമേറിയ ഒരു ജീവിതമുണ്ട്. ആ ചൈതന്യത്തിന് മങ്ങലേൽക്കുകയില്ല. എന്റെ കിണർ നിറഞ്ഞിരിക്കുന്നു. നിങ്ങളുടെ കിണറുകൾ നിറഞ്ഞിട്ടുണ്ടോ ?*

# പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ

***ആർ. സ്റ്റാൻലി*** - (Founder - BYM)



***പീഡനം ഒരു അസാധാരണ സംഭവമല്ല. രക്തസാക്ഷി ആദ്യമേ ലോകത്തിലേക്ക് വന്നു. മതത്തിനു വേണ്ടി മരണപ്പെട്ട ആദ്യത്തെ മനുഷ്യർ ! മിഷണറി ഗവേഷണത്തിന്റെ അന്താരാഷ്ട്ര മാസികയുടെ കണക്കനുസരിച്ച് 1997-ലെ രക്തസാക്ഷികളായ ക്രിസ്ത്യാനികളുടെ എണ്ണം 1.60,000 ആയിരുന്നു. അക്ഷാംശരേഖ 100 യ്ക്കും 400 യ്ക്കും ഇടയിലുള്ള രാജ്യങ്ങളിലായിരുന്നു ഇത് സംഭവിച്ചത്. സുവിശേഷം എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ 97% വും ഈ പ്രദേശങ്ങളിലാണ്. ഈ പ്രദേശങ്ങളിലെ മിക്ക രാജ്യങ്ങളിലും സുവിശേഷത്തിന്റെ വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുകയാണ്. അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, ചൈന, ഇറാഖ്, ലാവോസ്, മൊറോക്കൊ, വടക്കൻ കൊറിയ, പാക്കിസ്ഥാൻ, സൗദി അറേബ്യ, തുർക്കി, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, വിയറ്റ്നാം എന്നീ രാജ്യങ്ങൾ ഈ പ്രദേശങ്ങളിൽ ഉൾപ്പെടുന്നു.***

***ഇന്ത്യയിൽ ഒരു വ്യക്തിക്ക് ഏതു മതത്തിലും വിശ്വസിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള മതസ്വാതന്ത്ര്യം ഉണ്ടെങ്കിലും അടുത്ത കാലത്തായി നടന്ന ചില സംഭവങ്ങൾ ഈ ഉപഭൂഖണ്ഡത്തിൽ ക്രിസ്തുവിന്റെ സുവിശേഷത്തിനെതിരെ വ്യാപകമായ എതിർപ്പുകൾ ഉണ്ടെന്ന സംശയം ബലപ്പെടുത്തുന്നു. നമ്മുടെ രാജ്യത്തിന്റെ വികസനത്തിനും വേണ്ടിയും ജനങ്ങളുടെ ബോധോദയത്തിനു വേണ്ടിയും ക്രിസ്തുവിന്റെ സന്ദേശം ചെയ്ത കാര്യം നമ്മുടെ രാജ്യത്തിലെ ഒരു വിഭാഗം ജനത മറന്നു പോകുന്ന കാര്യം ഖേദകരമാണ്. ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതിയായിരുന്ന ഡോ. രാജേന്ദ്രപ്രസാദ് ഇപ്രകാരം നിരീക്ഷിച്ചു. "ക്രിസ്ത്യൻ മിഷണറിമാർ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ സേവനമനുഷ്ഠിക്കുകയും വലിയ ത്യാഗത്തോടെ വിദ്യാഭ്യാസം പ്രചരിപ്പിക്കുകയും അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഠിനമായി പ്രയത്നിക്കുകയും ചെയ്തു".***

***പീഡനത്തിനുള്ള നാലു സാധാരണ കാരണങ്ങൽ ചുവടെ സൂചിപ്പിക്കുന്നു.***

1. ***മതപരമായ കാരണങ്ങൾ : മറ്റു മതങ്ങളുടെ അടിസ്ഥാന തത്വങ്ങളിൽ അടിയുറച്ച് നിൽക്കുന്നവർ ക്രിസ്തുവിന്റെ സുവിശേഷത്തെ ചെറുക്കുന്നു. നിത്യരക്ഷയ്ക്കുള്ള ഏക വഴി ക്രിസ്തുവാണെന്ന് ഘോഷിക്കുകയും ക്രിസ്തുവിൽ***

*വിശ്വസിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികളെ അവർ ആക്രമിക്കുന്നു. നവീകരണ കാലഘട്ടത്ത് റോമൻ കത്തോലിക്ക സഭ കഠിനമായി പീഡിപ്പിച്ച ബൈബിൾ വിശ്വാസികൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.*

2. *രാഷ്ട്രീയ കാരണങ്ങൾ : ചില ക്രിസ്തീയ പ്രവൃത്തികൾ വഞ്ചനയായോ അവിശ്വസ്തതയായോ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. അവരുടെ ഉൾക്കാഴ്ചയ്ക്കും ബൈബിൾ തത്വങ്ങൾക്കും വിപരീതമായ ഒരു സിവിൽ നിയമത്തെ എതിർക്കുമ്പോഴാണ് ഇപ്രകാരമുള്ള സാഹചര്യം ഉണ്ടാക്കുന്നത്. എബ്രായ സൂതി കർമ്മിണികൾ ആൺകുഞ്ഞുങ്ങളെ കൊല്ലുന്നത് നിരസിച്ചതും ഹനന്യാ, അസറിയ എന്നിവർ സ്വർണ്ണ വിഗ്രഹത്തെ നമസ്ക്കരിക്കാതിരുന്നതും ഉദാഹരണങ്ങളാണ്.*

3. *വർഗ്ഗീയമായ കാരണങ്ങൾ : ഹിറ്റ്ലറുടെ യഹൂദവിരുദ്ധ മനോഭാവം ആയിരക്കണക്കിന് യഹൂദന്മാരെ കൊന്നൊടുക്കുവാൻ ഇടയാക്കി.*

4. *ആശയപരമായ കാരണങ്ങൾ : ചരിത്രാരംഭം മുതൽ തന്നെ സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ ക്രിസ്തീയ വിശ്വാസത്തിന് വിരുദ്ധമായ തത്വങ്ങൾ ആവിഷ്ക്കരിച്ചു. കമ്മ്യൂണിസം അവയിൽ ഒരു ഉദാഹരണമാണ്.*

*പീഡനം ദൈവത്തിന് ഒരു ആശ്ചര്യമല്ല. അത് നമുക്കും ഒരു ആശ്ചര്യമല്ല. യേശു തന്റെ ക്രൂശ് ചുമന്നുകൊണ്ട് ഗോൽഗോഥയിലേക്ക് പോകുമ്പോൾ നിലവിളിക്കുകയും വിലപിക്കുകയും ചെയ്ത സ്ത്രീകളെ നോക്കി ഇപ്രകാരം പറഞ്ഞു: "യേരുശലേം പുത്രിമാരെ, എന്നെ ചൊല്ലി കരയേണ്ടാ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ.... പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്തു ഭവിക്കും ?" (ലൂക്കൊ. 23:26-31). യേശു തന്റെ ശിഷ്യന്മാരോടും ഇപ്രകാരം പറഞ്ഞിരുന്നു, "ലോകം നിങ്ങളെ പകയ്ക്കുന്നു എങ്കിൽ അത് നിങ്ങൾക്ക് മുമ്പേ എന്നെ പകച്ചിരിക്കുന്നു.. ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്ന് ഞാൻ നിങ്ങളോട് പറഞ്ഞ വാക്ക് ഓർപ്പിൻ. അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും" (യോഹ. 15:18, 20). പൗലോസ് ഉപദ്രവങ്ങൾ എങ്ങനെ സഹിച്ചു എന്ന് തിമൊഥെയോസിനോട് വിവരിച്ചതിനു ശേഷം ഇപ്രകാരം ഉപസംഗ്രഹിച്ചു, "ക്രിസ്തുയേശുവിൻ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും (2 തിമൊ. 3:10-12). കാര്യങ്ങളെല്ലാം "മേൽക്കുമേൽ ദോഷത്തിൽ മുതിർന്നു വരും" എന്നും പൗലോസ് പ്രവചിച്ചു. (വാ. 13) നാം പീഡിപ്പിക്കപ്പെട്ടില്ലെങ്കിൽ മാത്രമേ ആശ്ചര്യപ്പെടേണ്ടതുള്ളു! ജോൺ ഫ്ളാവൽ ഇപ്രകാരം ചോദിച്ചു,*

"ക്രിസ്തുവിനേക്കാൾ നിഷ്ക്കളങ്കനായി ആരുണ്ട് ? ക്രിസ്തുവിനേക്കാൾ പീഡിപ്പിക്കപ്പെട്ടവൻ ആര് ? ലോകം ഇപ്പോഴും അതുതന്നെ!"

അടിസ്ഥാനപരമായി ദൈവം ഒരു പരമാധികാരിയാണ് എന്ന വസ്തുത നാം മറക്കാൻ പാടില്ല. ക്രിസ്തു രാജാധിരാജാവും ദേവാധിദേവനുമാണ്. കർത്താവിന്റെ അറിവും അനുവാദവും ഇല്ലാതെ തന്റെ ജനത്തിന് ഒന്നും സംഭവിക്കുകയില്ല. നമ്മുടെ തലയിലെ മുടികൾ പോലും എണ്ണപ്പെട്ടിരിക്കുന്നു (മത്താ. 10 :30). ദൈവം നമ്മെ അവന്റെ ഉള്ളം കൈയ്യിൽ വരച്ചിരിക്കുന്നു. (യെശ. 49:16). ദൈവത്തെ സ്നേഹിക്കുന്നവർക്ക് – സകലവും – നല്ലതാകിലും തീയതാകിലും – നന്മയ്ക്കായി കൂടി വ്യാപിക്കുന്നു (റോമ. 8:28). നമുക്കെതിരെ വരുന്ന ദോഷങ്ങൾ സർവ്വശക്തൻ നമുക്ക് നന്മയായിട്ട് മാറ്റും. ദൈവം പീഡനം അനുവദിക്കുന്നതിന് രണ്ട് സുപ്രധാന കാരണങ്ങൾ ഉണ്ട്. ഒന്ന് സഭയ്ക്കു വേണ്ടിയും മറ്റൊന്ന് ലോകത്തിനു വേണ്ടിയും.

1. സഭയുടെ ശുദ്ധീകരണം

പെന്തക്കോസ്തു നാളിൽ സഭയുടെ ജന്മം മുതൽ രക്ഷിക്കപ്പെടുന്ന പുരുഷന്മാരേയും സ്ത്രീകളേയും മാത്രമാണ് സഭയോടു ചേർക്കുന്നത് (അപ്പൊ. പ്ര. 2:47). എന്നാൽ, കാലക്രമേണ വിവിധ കാരണങ്ങളാൽ ജനങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു. അതിന്റെ ഭയാനകമായ ഫലം എന്നത്, ഇന്നത്തെ ക്രിസ്തീയ സഭകളിൽ രക്ഷിക്കപ്പെടാത്തവരുടെ എണ്ണം രക്ഷിക്കപ്പെട്ടവരുടെ എണ്ണത്തേക്കാൾ അധികമായിരിക്കുന്നു.

പിശാച് സഭയെ രണ്ടു രീതികളിലൂടെ ആക്രമിക്കുന്നു – ഒന്ന് ഉള്ളിലല്ലാതെ ഒരു ശത്രുവായും മറ്റേത് ഉള്ളിൽ നിന്ന് ഒരു സ്നേഹിതനായും, അവൻ തന്റെ തന്ത്രങ്ങളെ പ്രതിലോമമാക്കുന്നു. രണ്ടാമത്തെ രീതി ആദ്യത്തേതിനെക്കാൾ ഭയാനകമാണ്. കോൺസ്റ്റന്റയിൽ ചക്രവർത്തി ക്രിസ്തുമതത്തെ റോമിന്റെ ഔദ്യോഗിക മതമായി അംഗീകരിച്ചപ്പോൾ സഭയെ ഭരണകൂടവുമായി ബന്ധപ്പെടുത്തി. അനേകർ ക്രിസ്ത്യാനികളായത് രക്ഷയെക്കുറിച്ച് ബോധവാന്മാരായതുകൊണ്ടല്ല. മറിച്ച് സാഹചര്യം കൊണ്ടാണ്. നാമധേയവാദവും രൂപഭദ്രതവാദവും ഒഴിച്ചു കൂടാനാവാത്തവയാണ്. ഒരു ഭീകരൻ നിറതോക്കുമായി ഒരു ഞായറാഴ്ചത്തെ ആരാധനയിൽ കടന്നു വന്നു സ്വർഗ്ഗത്തിലേക്കുള്ള ഏക വഴി ക്രിസ്തുവെന്ന് പറയുന്നവരെ ഇപ്പോൾ വെടിവച്ചു കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയാൽ – യഥാർത്ഥത്തിൽ എത്ര പേർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കും ? നാമധേയ ക്രിസ്ത്യാനികൾക്കും പിന്മാറ്റക്കാർക്കുമുള്ള ദൈവത്തിന്റെ വെല്ലുവിളിയാണ്

*പീഡനം. "നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വയ്ക്കും ? യഹോവ ദൈവമെങ്കിൽ അവനെ അനുഗമിപ്പിൻ ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ എന്നു പറഞ്ഞു" (1 രാജാ. 18:21). എല്ലാ റോഡുകളും റോമിലേക്കാണ് എന്നു വിശ്വസിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ സഭ ക്ഷയിക്കുന്നു.*

*ക്രിസ്തു സഭയെ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്, "കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്ക് തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്ക് വേണ്ടി ഏൽപ്പിച്ചുകൊടുത്തു (എഫെ. 5:25-27). പീഡനത്തിൻറെ തീയിലുള്ള ശോധന പൊന്നിനെക്കാൾ വിലയേറിയതും വിശ്വാസത്തെ ശുദ്ധീകരിക്കുന്നതുമാണ് (1 പത്രോ. 1:6, 7). യോഹന്നാൻ സ്നാപകൻ ക്രിസ്തുവിന്റെ ശുശ്രൂഷകളിൽ ഒന്ന് ഇപ്രകാരം ചിത്രീകരിക്കുന്നു : "വീശുമുറം അവന്റെ കൈയിൽ ഉണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പുകളപ്പുരയിൽ കൂട്ടി വയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും" (മത്താ. 3:12)*

*പീഡന കാലഘട്ടത്ത് വിശ്വാസികൾ പ്രാർത്ഥനയിലും, ആരാധനയിലും, വേദപുസ്തക ധ്യാനത്തിലും കൂടുതൽ ബലപ്പെട്ടിരുന്നു എന്നു സഭാചരിത്രം വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ വാക്കുകൾ ലവോദിക്യ സഭയ്ക്ക് ജാഗ്രതയുളവാക്കി: "എനിക്കു പ്രിയമുള്ളവരെയൊക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു" (വെളി. 3:19).*

*ക്രിസ്ത്യാനികളുടെ ഇടയിലുള്ള അനൈക്യം നടുക്കുന്ന ഒരു ആക്ഷേപമാണ്. പീഡനത്തിന്റെ കൊടുങ്കാറ്റ് സഭയ്ക്കെതിരെ ആഞ്ഞുവീശുമ്പോൾ, ശുശ്രൂഷകരും സഭാംഗങ്ങളും അവർ അന്യോന്യം ശത്രുക്കളല്ല ക്രിസ്തുവിരോധികളാണ് യഥാർത്ഥ ശത്രുക്കൾ എന്നു തിരിച്ചറിയും. എഫെസ്യർ 4:4-6 വരെ രേഖപ്പെടുത്തിയിട്ടുള്ള ഏഴു ഒന്നുകളിൽ "കർത്താവ് ഒന്ന്, പിതാവ് ഒന്ന്" ഇവയുടെ കൂടെ "ശത്രു ഒന്ന് !" എന്നും ചേർക്കുന്നു. തത്വങ്ങളിലും പ്രവൃത്തികളിലുമുള്ള ചില വ്യത്യാസങ്ങൾ കൂടാതെ ലോകത്തിന്റെ മുമ്പിൽ എന്തുകൊണ്ട് ഒന്നായി നിൽക്കണം എന്നതിന്റെ പ്രാധാന്യം ഇവിടെ വ്യക്തമാകുന്നു.*

*1999-ൽ ഗുജറാത്തിൽ സഭാകെട്ടിടങ്ങൾ അഗ്നിക്കിരയാക്കിയ സംഭവം 74-ാം സങ്കീർത്തനത്തിലെ പ്രാർത്ഥന നമ്മുടെ മനസ്സിൽ കൊണ്ടെത്തിക്കുന്നു. "ദൈവമേ, നീ ഞങ്ങളെ സദാകാലത്തേക്കും തള്ളിക്കളഞ്ഞത് എന്ത് ? ..... ശത്രു വിശുദ്ധ മന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു... ദേശത്തിൽ ദൈവത്തിന്റെ എല്ലാ*

പള്ളികളെയും ചുട്ടു കളഞ്ഞു" (വാ. 1,3,8). ഈ സങ്കീർത്തനത്തിൽ ലജ്ജാകരമായ ഒരു കുറ്റബോധമുണ്ട്. "ഞങ്ങൾ ഞങ്ങളുടെ അടയാളങ്ങളെ കാണുന്നില്ല" (വാ.9). ഇന്ത്യയിലെ ഇന്നത്തെ സഭയെ വിചാരിച്ചാൽ എന്ത് സത്യമാണിത് ! നിരവധി രോഗശാന്തി ക്രൂസേഡുകൾ കൂടാതെ നമ്മുടെ പ്രദേശങ്ങളിൽ സൗഖ്യമായ ഒരു വ്യക്തിയുടെ സാക്ഷ്യം ഉയർത്തിപ്പിടിക്കുകയും ചെയ്യേണ്ടതാണ് ! പീഡന മുഖത്ത് അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും വേണ്ടി ആദിമ സഭ പ്രാർത്ഥിച്ചത് ശത്രുക്കളെ നിശബ്ദരാക്കുന്നതിനു വേണ്ടിയായിരുന്നു (അപ്പൊ. പ്ര. 4:29, 30). വ്യക്തിപരമായ അനുഗ്രഹങ്ങളെ സംബന്ധിച്ച് മുൻകൂട്ടി പ്രവചിക്കുന്ന നിരവധി പ്രവാചകരുണ്ട്. ഏലിയാവിനെ പോലെയോ, യോഹന്നാൻ സ്നാപകനെ പോലെയോ രാജാക്കന്മാരെയും ഭരണാധിപന്മാരെയും അഭിമുഖീകരിക്കുവാൻ കഴിവുള്ള ഒരു പ്രവാചകനും ഇല്ലയോ ? "ദൈവമേ, വൈരി എത്രത്തോളം നിന്ദിക്കും?" (സങ്കീ. 74 :10).

## 2. സുവിശേഷ ഘോഷണം

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ സമയത്തുള്ള തന്റെ വാക്കുകൾ ചരിത്രകാരനായ ലൂക്കോസ് പ്രവൃത്തികൾ 1:8 ൽ രേഖപ്പെടുത്തിയിരിക്കുന്നു. "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു... ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും." 'സാക്ഷി' എന്ന വാക്കിന് ഗ്രീക്കിൽ 'രക്തസാക്ഷി' എന്ന് ആന്തരിക അർത്ഥമുണ്ട്. ക്രിസ്തു തന്റെ ശിഷ്യന്മാരെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്തത് യെരുശലേമിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ധൈര്യത്തോടെ സാക്ഷികളാകുന്നതിനു വേണ്ടിയാണ്. എന്നാൽ സഭയുടെ പെട്ടെന്നുള്ള വളർച്ചയെ കണ്ട് ശിഷ്യന്മാർ യെരുശലേമിൽ തന്നെ നിന്നു (പ്രവൃ. 2:46, 47). അവരെ പുറത്തു കൊണ്ടു പോകുന്നതിനുള്ള ദൈവത്തിന്റെ ഏകവഴി പീഡനമായിരുന്നു. (പ്രവൃത്തികൾ 8:1,) "അന്നും യെരുശലേമിലെ സഭയ്ക്ക് ഒരു വലിയ ഉപദ്രവം നേരിട്ടു; അപ്പൊസ്തലന്മാർ ഒഴികെ എല്ലാവരും യെഹൂദ്യ, ശമര്യ ദേശങ്ങളിൽ ചിതറിപ്പോയി. പ്രവൃത്തികൾ 1:8-ൽ സൂചിപ്പിച്ചിരിക്കുന്ന ദൈവത്തിന്റെ പദ്ധതി സഭ എപ്പോഴൊക്കെ മറക്കുന്നുവോ, അപ്പോഴെല്ലാം ദൈവം പ്രവൃത്തികൾ 8:1 -ാം വാക്യം ഓർമ്മപ്പെടുത്തും!

യഥാർത്ഥത്തിൽ സഭയുടെ മാനവ വിഭവശേഷിയുടെ 99% വും സുവിശേഷീകരണത്തിൽ തൊഴിൽ രഹിതരാണ്. ചില സഭകൾ തൊഴിൽ രഹിതരുടെ കേവലം കൂട്ടം മാത്രം. "ആരും ഞങ്ങളെ വിളിച്ചില്ല" എന്ന മനോഭാവമാണ്

*അവർക്കുള്ളത്. പീഡനങ്ങൾ അവരെ ചിതറിച്ചു കളയുന്നു. "ചിതറിപ്പോയവർ വചനം സുവിശേഷിച്ചും കൊണ്ട് അവിടവിടെ സഞ്ചരിച്ചു" (പ്രവൃ 8:4). ഉപ്പിന്റെ കുപ്പി കുലുക്കിയില്ലെങ്കിൽ ഉപ്പു കൊണ്ട് എന്തു പ്രയോജനം?*

*യഥാക്രമം 2.7%, 2.2%, 1.7% എന്നിങ്ങനെ വളർച്ച നിരക്കുള്ള മുസ്ലീംങ്ങൾ, ഹിന്ദുക്കൾ, ബുദ്ധമതക്കാർ എന്നിവരെ താരതമ്യം ചെയ്യുമ്പോൾ 6.9% വളർച്ചാ നിരക്കുള്ള ക്രിസ്തുമതമാണ് ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന മതം. ഈ മാറ്റം വീക്ഷിച്ചുകൊണ്ട് സുവിശേഷത്തിന്റെ ശത്രുക്കൾക്ക് നിശബ്ദരായിരിക്കുവാൻ കഴിയുകയില്ല. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല!" (മത്താ. 16:18). എന്നു ക്രിസ്തുവിന്റെ വാക്കുകളിൽ നിന്നാണ് 'സഭ' എന്ന പദം ആദ്യമായി ഉച്ചരിക്കപ്പെട്ടത്. സഭയെ ആക്രമിക്കുന്നത് പിശാച് പ്രതിരോധിക്കുന്നതാണ്. പീഡനം എപ്പോഴും ഒരു പ്രതികർമ്മമാണ് അപ്പൊസ്തലന്മാരെ കുറിച്ച് ഒന്നാം നൂറ്റാണ്ടിലെ സുവിശേഷവിരോധികൾ ഇപ്രകാരം പറഞ്ഞു, "എങ്കിലും അത് ജനത്തിൽ അധികം പരക്കാതിരിപ്പാൻ അവർ യാതൊരു മനുഷ്യരോടും ഈ നാമത്തിൽ ഇനി സംസാരിക്കരുതെന്നു നാം അവരെ തർജ്ജനം ചെയ്യേണം" (പ്രവൃ. 4:17)*

*രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്താണ്. വേദപുസ്തക നിരൂപകനായ മാത്യു ഹെന്റി നമ്മോട് ഇപ്രകാരം പറയുന്നു, "ഒരു വ്യക്തിയുടെ ചാരത്തിൽ നിന്ന് നിരവധി വിശ്വസ്ത ശുശ്രൂഷകരെ ദൈവം എഴുന്നേൽപ്പിക്കുന്നു!" 1999 ജനുവരി 22–ാം തീയതി അർധരാത്രിയിൽ മിഷണറി ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസ് (58), തന്റെ രണ്ടു പുത്രന്മാരായ ഫിലിപ്പ് (9), തിമൊത്തി (6) എന്നിവരുടെ രക്തസാക്ഷിത്വം ഒഡീഷയിൽ ധാരാളം ഫലം പുറപ്പെടുവിക്കുന്നതിനു വേണ്ടി നിലത്തു വീണ് ചത്ത ഗോതമ്പുമണിയാണ്. ഒഡീഷ സംസ്ഥാനത്ത് മത പരിവർത്തന വിരുദ്ധനിയമം നിലവിലുണ്ടായിട്ടും, ഒഡീഷയിലെ സഭയുടെ അസാമാന്യ വളർച്ച വലിയ ഒരു കൊയ്ത്താണ്. എ.ഡബ്ല്യൂ.ടോസ്സർ ഇങ്ങനെ എഴുതി, "മനുഷ്യന്റെ പീഡനത്തിന്റെ ജലത്താൽ ദൈവത്തിന്റെ അഗ്നിയെ തണുപ്പിക്കുവാൻ കഴിയുകയില്ല".*

*ഇന്ത്യയിലെ ഏറ്റവും ശക്തിയുള്ള സഭയാണ് കേരളത്തിലും തമിഴ്നാട്ടിലുമുള്ളത്., യേശുക്രിസ്തുവിന്റെ 12 ശിഷ്യന്മാരിലൊരാളായ തോമസ് അപ്പൊസ്തലൻ കേരളത്തിൽ ശുശ്രൂഷ ചെയ്യുകയും തമിഴ്നാട്ടിൽ വച്ച് കൊല്ലപ്പെടുകയും ചെയ്തു. ഈ രണ്ടു സംസ്ഥാനങ്ങളിൽ നിന്നും എത്ര മാത്രം യുവതീയുവാക്കളാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മിഷണറിമാരായി*

*കടന്നുപോയത്! അപ്പൊസ്തലനായ പൗലോസ് ജയിലറകളിൽ നിന്നും ഇപ്രകാരം എഴുതുന്നു, "സഹോദരന്മാരേ, എനിക്ക് ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായിത്തീർന്നു എന്ന് നിങ്ങൾ അറിവാൻ ഞാൻ ഇഛിക്കുന്നു... സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു" (ഫിലി. 1:12-14)*

*ഇന്ത്യയുടെ തെക്കൻ സംസ്ഥാനങ്ങളിൽ പീഡനം അതിന്റെ പൂർണ്ണ തോതിൽ കടന്നുവന്നിട്ടില്ല. ഉന്നതരായ പ്രസംഗികരും, സുവിശേഷകരും, നേതാക്കളും തെക്കൻ മേഖലയിൽ തന്നെ ചേർന്നു നിൽക്കന്നു. 1995-ൽ ചെന്നൈയിൽ സംഘടിപ്പിച്ച സഭാവികസനത്തിന്റെ രണ്ടാമത്തെ അഖിലേന്ത്യാ കോൺഗ്രസ്സിൽ ഉയർന്നു വന്ന തന്ത്രപ്രധാനമായ വിവരം എന്നത്, 90 ശതമാനം ക്രിസ്തീയ പ്രവർത്തകർ രാജ്യത്തിന്റെ ജനസംഖ്യയുടെ 22 ശതമാനം ജനത്തെ ലക്ഷ്യമിടുന്നു എങ്കിലും കേവലം 10 ശതമാനമാണ് ബാക്കിയുള്ള 78 ശതമാനം ജനത്തിന്റെ ഇടയിൽ പ്രവർത്തിക്കുന്നത്. സാധു സുന്ദർസിംഗ് ഇപ്രകാരം വീക്ഷിച്ചു, "തെക്കേ ഇന്ത്യയിലെ ക്രിസ്ത്യാനികൾ മന്തുരോഗത്താൽ വലയുന്നു. അവർ വടക്കേ ഇന്ത്യയിലേക്ക് ചലിക്കാതെ ഇന്ത്യയ്ക്ക് പ്രതീക്ഷയില്ല" പ്രാർത്ഥിക്കുന്നതും നൽകുന്നതും പോകുന്നതിന് പകരമാവുകയില്ല. നമുക്ക് മനസ്സിലാകുന്ന ഒരേയൊരു ഭാഷയാണോ പീഡനം ?*

*എന്തുകൊണ്ട് ദൈവം പീഡനം അനുവദിക്കുന്നു എന്നതിന്റെ രണ്ടു പ്രധാന കാരണങ്ങൾ മനസ്സിലാക്കിക്കൊണ്ട് പീഡിപ്പിക്കപ്പെടുന്നവരോടുള്ള നമ്മുടെ രണ്ട് ഉത്തരവാദിത്വങ്ങളും നമുക്ക് ചിന്തിക്കാം.*

*1. പ്രാർത്ഥന*

*പീഡിപ്പിക്കുന്നവർക്ക് വേണ്ടിയും പീഡിപ്പിക്കപ്പെടുന്നവർക്ക് വേണ്ടിയും പ്രാർത്ഥിക്കുവാൻ ബൈബിൾ നമ്മെ പഠിപ്പിക്കുന്നു.*

*എ) പീഡിപ്പിക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള പ്രാർത്ഥന*

*ക്രിസ്തുവിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് പീഡനത്തിന്റെയും നിരവധി ഭീഷണികളുടെയും മുഖത്ത് നിശ്ചലനായിരിക്കുവാൻ കഴിയുകയില്ല. പൗലോസ് എഫെസ്യ സഭയിലെ നേതാക്കളോട് ഇപ്രകാരം സാക്ഷിച്ചു,*

*"ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു" തുടർന്ന് പൗലോസ് പ്രാഗത്ഭ്യത്തോടെ വചനം സംസാരിക്കേണ്ടതിന് പ്രാർത്ഥിക്കുവാൻ എഫെസ്യയിലെ വിശ്വാസികളോട് അപേക്ഷിക്കുന്നു (പ്രവൃ. 20:23, 24; എഫെ. 6:19, 20). പത്രോസ് കാരാഗ്രഹത്തിലായിരുന്നപ്പോൾ സഭ "ശ്രദ്ധയോടെ പ്രാർത്ഥിച്ചു" (പ്രവൃ. 12:5).*

*തോമസ് ബ്രൂക്ക്സ് ഇപ്രകാരം രേഖപ്പെടുത്തി, "ദൈവീക സാന്നിധ്യം രക്തസാക്ഷികളെ വിരുന്നിനെന്ന പോലെ മരിക്കുവാൻ ഉൽസുകരാക്കുന്നു!" സഭയുടെ പ്രാർത്ഥനയ്ക്ക് മറുപടിയെന്നവണ്ണം പത്രോസിനെ മോചിപ്പിക്കുവാൻ ഒരു ദൂതനെ ദൈവം കാരാഗ്രഹത്തിലേക്ക് അയച്ചു. പീഡിപ്പിക്കപ്പെടുന്നവർക്ക് വേണ്ടിയും കഷ്ടതയിലായിരിക്കുന്നവർക്ക് വേണ്ടിയുമുള്ള നമ്മുടെ പ്രാർത്ഥനയുടെ ഫലം അളവറ്റതാണ്. രക്തസാക്ഷിത്വത്തിന്റെ മുന്നിൽ വെല്ലുവിളിച്ചുകൊണ്ട് ബിഷപ്പ് പോളികാർഡപ്പ് മറുപടി പറഞ്ഞത്, "86 വർഷങ്ങൾ ഞാൻ ക്രിസ്തുവിനെ സേവിച്ചിട്ട് ഒരു മുറിവ് പോലും എനിക്ക് സംഭവിച്ചിട്ടില്ല. പിന്നെ എങ്ങനെ എന്റെ രാജാവും രക്ഷകനുമായവനെതിരെ ദൂഷണം പറയും?" ഹെന്റി വോസ് തന്നെ പീഡിപ്പിച്ചവരെ ലജ്ജിതരാക്കിയത് ഈ വാക്കുകളിലൂടെയായിരുന്നു, "എനിക്ക് രണ്ട് തലകൾ ഉണ്ടായിരുന്നെങ്കിൽ, അവയെല്ലാം ക്രിസ്തുവിന് നൽകുമായിരുന്നു!" മുസ്ലീം വിഭാഗത്തിൽ നിന്നും രക്ഷിക്കപ്പെട്ട് വന്ന താഹിർ ഇക്ബാൽ 1993-ൽ പാക്കിസ്ഥാൻ ജയിലിൽ വച്ച് മരിക്കുന്നതിന് മുമ്പ് ഇപ്രകാരം പ്രഖ്യാപിച്ചു, "എന്റെ വിശ്വാസം ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല!" എല്ലാ ക്രിസ്ത്യാനികളും ഫോക്സ് രചിച്ച 'ബുക്ക് ഓഫ് മാർട്ടിയേഴ്സ്' എന്ന ഗ്രന്ഥം വായിച്ചിരിക്കണം. രക്തസാക്ഷികൾ ബലഹീനതയുടെ ചെറുക്കാനാവാത്ത ശക്തിയോടെ അന്ധകാര ശക്തികളെ കുലുക്കി. പീഡിപ്പിക്കപ്പെടുന്നവർക്ക് എന്തുമാത്രം പ്രാർത്ഥന ആവശ്യമുണ്ട് !*

*വിഭാഗീയത ശക്തി പ്രാപിച്ചിട്ടുള്ള ഇന്ത്യയെ പോലെയുള്ള രാജ്യത്തിൽ പുതുതായി പരിവർത്തനം ചെയ്യപ്പെട്ടവർക്ക് കുടുംബാംഗങ്ങളിൽ നിന്നും അയൽക്കാരിൽ നിന്നും നിരവധി എതിർപ്പുകളും ഉപദ്രവങ്ങളും ഏൽക്കേണ്ടിവരും. പുതുതായി പരിവർത്തനം ചെയ്യപ്പെട്ടവർക്ക് പൊതുകിണറുകളിൽ നിന്ന് വെള്ളം കോരുവാൻ സാധിക്കയില്ല. അവരെ സ്വന്തം വിഭാഗത്തിൽ നിന്ന് തന്നെ പുറത്താക്കും. കൂടാതെ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും നിരവധി രഹസ്യ ക്രിസ്ത്യാനികളുമുണ്ട്. ഇപ്രകാരം ഭയത്തിൽ വസിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാർക്ക് വേണ്ടി കൃത്യമായി പ്രാർത്ഥിക്കുവിൻ.*

### *ബി) പീഡിപ്പിക്കുന്നവർക്ക് വേണ്ടിയുള്ള പ്രാർത്ഥന*

ആദ്യത്തെ പൊതുപ്രഭാഷണത്തിൽ നമ്മുടെ യജമാനൻ നമ്മെ പഠിപ്പിച്ചത്, "നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിപ്പിൻ" (മത്താ. 5:44), ക്രൂശിലെ ഏഴു മൊഴികളിൽ ആദ്യത്തേക്ക് പീഡിപ്പിക്കുന്നവർക്കു വേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു : "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" (ലൂക്കൊ. 23:24). സഭയുടെ പ്രഥമ രക്തസാക്ഷിയായ സ്തെഫാനോസ് കല്ലേറുകൊണ്ട് പിടഞ്ഞു മരിച്ചുവീഴുന്ന സമയത്ത് ഇപ്രകാരം പ്രാർത്ഥിച്ചു, "കർത്താവേ, അവർക്ക് ഈ പാപം നിറുത്തരുതേ" (പ്രവൃ. 7:60)

അതിശക്തന്മാരായ എതിരാളികൾ ഒടുവിൽ വേദപുസ്തക വക്താക്കളായി മാറിയ നിരവധി സംഭവങ്ങൾ മിഷൻ ഫീൽഡുകളിലുണ്ട്. ഇതാണ് പീഡിപ്പിക്കുന്നവർക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനയുടെ ഫലം. സ്തേഫാനോസിന്റെ പ്രാർത്ഥന യുവാവായിരുന്ന ശൗലിന്റെ ഹൃദയത്തിന് ആഘാതമേൽപ്പിച്ചു. ക്രിസ്ത്യാനികളെ ഉപദ്ര വിച്ചിരുന്ന ഇവൻ സുവിശേഷ പ്രസംഗകനായി മാറിയപ്പോൾ ജനം ഇപ്രകാരം പറഞ്ഞു. "യെരുശലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവർക്ക് നാശം ചെയ്തവൻ ഇവനല്ലയോ?" (പ്രവൃ. 9:21, 22:19, 10). പരിഷ്ക്കർത്താവും ബൈബിൾ വിവർത്തകനുമായിരുന്ന വില്യം ടൈഡയിൽ (1494-1536) തന്നെ അഗ്നിക്കിരയാക്കുന്നതിനു മുമ്പ് അവസാനമായി ഇങ്ങനെ പ്രാർത്ഥിച്ചു. "കർത്താവേ ഇംഗ്ലണ്ടിലെ രാജാവിന്റെ കണ്ണുകൾ തുറക്കേണമേ!". ദൈവം പ്രാർത്ഥന കേട്ടു. ബൈബിൾ വിവർത്തനം ചെയ്യുന്നതിനുള്ള അനുമതി നൽകി. കിംഗ് ജെയിംസ് വെർഷൻ ബൈബിളിനെകുറിച്ച് കേൾക്കാത്തവർ ആരുണ്ട് ?

ക്രിസ്ത്യാനികൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ നിരാഹാരമനുഷ്ഠിക്കുകയും പ്രതിഷേധിക്കുകയും ചെയ്യേണ്ടത് ആവശ്യമല്ലെ എന്ന ഒരു ചോദ്യം ഉരുത്തിരിയുന്നു. ഈ ചോദ്യവുമായി ബന്ധപ്പെട്ട് ചില വസ്തുതകൾ മനസ്സിലാക്കുന്നു. സുവിശേഷത്തെ എതിർക്കുന്നവർ ശത്രുക്കളല്ല; അവർ ശത്രുവിന്റെ ഇരകളാണ്. അവരുടെ അജ്ഞത നിമിത്തമാണ് ഇങ്ങനെ പ്രവർത്തിച്ചതെന്ന് നാം ഒടുവിൽ മനസ്സിലാക്കും. ക്രൂശിച്ചവരുടെ അറിവില്ലായ്മയുടെ പ്രവൃത്തിയായാണ് ക്രിസ്തുവും ശിഷ്യന്മാരും ക്രൂശികരണത്തെ ചിത്രീകരിച്ചത് (ലൂക്കൊ. 23:34, പ്രവൃ. 3:17). എല്ലാ തലമുറകളിലും ഇത് ഒരു പോലെയാണ് കാരണം, വർഷം കഴിയുംതോറും കൂടുതൽ സജീവമാകുന്ന " ഈ ലോകത്തിന്റെ പ്രഭുവാണ്" ഈ അന്ധത ഉളവാക്കുന്നത് (1 തെസ്സ. 2:14-16).

എഫെസ്യർ 6-ാം അധ്യായത്തിലുള്ള ആത്മീയ യുദ്ധക്കളം തീർച്ചയായും മിഷണറി പോരാട്ടമാണ്. സുവിശേഷ ഘോഷണത്തിനായി മുന്നോട്ടു പോകുവാൻ

*തയ്യാറാകുന്നതിനെക്കുറിച്ച് സംസാരിക്കുന്നു. നമ്മുടെ സന്ദേശം, ദൈവവചനം എന്ന വാളാണ്. ഈ ഭാഗം ഒരു മിഷണറി പ്രാർത്ഥനയോടെ അവസാനിക്കുന്നു. അത് ആരംഭിക്കുന്നത് ഇങ്ങനെയാണ്, "നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല" (എഫെ. 6:12 - 20). സഭയോടുള്ള ഏത് ആക്രമണത്തെയും ദുഷ്ടാത്മാക്കളുടെ നേരിട്ടുള്ള പ്രവർത്തനമായി കണക്കാക്കുന്നു. ആത്മീയ ശക്തികളെ ശാരീരികമായി നേരിടുവാൻ കഴിയുകയില്ല. നമ്മുടെ പരിഭവങ്ങൾ രാജ്യത്തിന്റെ നേതാക്കളെ അറിയിക്കുന്നതിനും ക്രിസ്തീയ മാർഗ്ഗത്തിലൂടെ പ്രതിഷേധമാർച്ച് നടത്തുന്നതിനും അതിന്റേതായ സ്ഥാനമുണ്ട്. എന്നാൽ രഹസ്യത്തിലുള്ള ഉപവാസ പ്രാർത്ഥന പൊതുവിലുള്ള നിരാഹാര പ്രതിഷേധത്തെക്കാൾ വളരെ പ്രയോജനകരമാണ്. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം നാം പുനഃപരിശോധിക്കുമ്പോൾ ശരിയായ ദിശയിലെത്താൻ കഴിയും.*

*പീഡനത്തിൽ സഭ വേദനിക്കുമ്പോൾ സഭയുടെ നാഥൻ പീഡിപ്പിക്കുന്നവരെ നോക്കി ചിരിക്കുന്നു. ഇതു നമുക്ക് ഒരു വലിയ പ്രോത്സാഹനമാണ്. ദൈവം ചിരിക്കുന്നത് ബൈബിളിൽ മൂന്നു സന്ദർഭങ്ങളിൽ മാത്രമേ ഉള്ളൂ (സങ്കീ. 2:4; 37:13, 59:8). രാജ്യങ്ങളോ വ്യക്തികളോ ദൈവത്തിനെതിരെ മത്സരിക്കുന്നതും അവയെ കീഴ്പ്പെടുത്തുന്നതുമാണ് സന്ദർഭം.*

*പീഡനം സഹിക്കുന്നവരെ തിരിച്ചറിയുകയാണ് നമ്മുടെ അടുത്ത ദൗത്യം-*

*2. പങ്കാളിത്തം*

*സഭയുടെ ഐക്യം "ഒരു ശരീരത്തെ" പോലെ ചിത്രീകരിച്ചിട്ടുള്ള മറ്റൊരു സാദൃശ്യമില്ല. അത് ക്രിസ്തുവിന്റെ പ്രാദേശിക സഭയായാലും സാർവത്രിക സഭയായാലും, ഒരു അംഗം കഷ്ടം അനുഭവിച്ചാൽ എല്ലാ അംഗങ്ങളും കഷ്ടം അനുഭവിക്കും (1 കൊരി. 12:26). എബ്രായ ലേഖനകർത്താവ് ഇപ്രകാരം അഭ്യർത്ഥിക്കുന്നു, "നിങ്ങളും തടവുകാർ എന്നപോലെ തടവുകാരെയും നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ കഷ്ടമനുഭവിക്കുന്നവരെയും ഓർത്തു കൊൾവിൻ" (എബ്രാ. 13:3). പീഡിപ്പിക്കപ്പെടുന്നവരെ തിരിച്ചറിയുന്നത് സുവിശേഷത്തിന്റെ നമ്മുടെ കാര്യവിചാരകത്വത്തിൽ നിന്ന് വേർതിരിഞ്ഞതല്ല. ഉപദ്രവിക്കപ്പെടുന്നവരോടൊപ്പം നിൽക്കുക എന്നത് ക്രിസ്തുവിനൊടൊപ്പം നിൽക്കുക എന്നതാണ് അർത്ഥമാക്കുന്നത്. അന്ത്യന്യായവിധിയിൽ വലതുഭാഗത്ത് നിൽക്കുന്നവരോട് രാജാവ് പറയും: "ഞാൻ തടവിലായിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു... എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ*

*ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്താ. 25:24, 26, 40)*

*മിഷണറി സംഘടനകളുമായി നല്ല ബന്ധം പുലർത്തുകയും പീഡിപ്പിക്കപ്പെടുന്ന സഭകളെ കർത്താവിൽ അവരെ ധൈര്യപ്പെടുത്തുന്നതിനായി സന്ദർശിക്കുകയും ചെയ്യുക. അവർ ഒറ്റയ്ക്കല്ല എന്ന് അവർ അറിയട്ടെ. ആ കാലഘട്ടത്ത് ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളോട് അപ്പൊസ്തലനായ പത്രോസ് ഓർമ്മിപ്പിച്ചത് ഇപ്രകാരമായിരുന്നു, "പ്രിയമുള്ളവരേ, നിങ്ങൾക്ക് പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിൽ ഒരു അപൂർവ്വകാര്യം നിങ്ങൽക്ക് വന്നുകൂടി എന്നു വച്ച് അതിശയിച്ചു പോകരുത്. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നു" (1 പത്രോ 4:12, 5:9). ഉൾഗ്രാമങ്ങളിൽ ശുശ്രൂഷിക്കുന്ന കഷ്ടം അനുഭവിക്കുന്ന മിഷണറിമാർക്ക് അവരെ ധൈര്യപ്പെടുത്തുന്നതിനു വേണ്ടി വ്യക്തിപരമായി കത്തയയ്ക്കുക. പൗലോസ് തടവിലായിരുന്നപ്പോൾ ചില ക്രിസ്ത്യാനികൾ എപ്രകാരം അദ്ദേഹത്തെ ധൈര്യപ്പെടുത്തി എന്നത് നന്ദിയോടെ സ്മരിക്കുന്നു, "പലപ്പോഴും എന്നെ തണുപ്പിച്ചവനായ ഒനേസിഫൊരോസിന്റെ കുടുംബത്തിന് കർത്താവ് കരുണ നൽകുമാറാകട്ടെ. അവൻ എന്റെ ചങ്ങലയെക്കുറിച്ച് ലജ്ജിക്കാതെ ഞാൻ റോമയിൽ എത്തിയ ഉടനെ താൽപര്യത്തോടെ എന്നെ തിരിഞ്ഞു കണ്ടെത്തുകയും ചെയ്തു" (2 ഹളരഭ. 1:16, 17). നമുക്ക് മനസ്സുണ്ടെങ്കിൽ പീഡിപ്പിക്കപ്പെടുന്നവരുടെ കഷ്ടതയിൽ പങ്കാളികളാകുവാൻ "ധാരാളം വഴികളുണ്ട്" (വാ. 18).*

*പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികളോട് നാം വ്യത്യസ്തത പുലർത്തുന്നത് ദൈവത്തിനെതിരെയുള്ള പാപമാണ്. നിങ്ങളുടെ പ്രാദേശിക സഭയിൽ നിങ്ങൾക്ക് ലഭിക്കുന്ന ധാരാളം അനുഗ്രഹങ്ങളിലും അനുപമമായ ആരാധനയിലും കണ്ണു വയ്ക്കുകയാണെങ്കിൽ സൂക്ഷിക്കുക! "സിയോനിൽ സൈ്വരികളായി ശമര്യാപർവതത്തിൽ നിർഭയരായി ജാതികളിൽ പ്രധാനമായതിൽ ശ്രേഷ്ഠന്മാരായി യിസ്രായേൽ ഗൃഹം വന്നു ചേരുന്നവരായുള്ളോരെ, നിങ്ങൾക്ക് അയ്യോ കഷ്ടം!.. യോസേഫിന്റെ കേടിനെക്കുറിച്ച് വ്യസനിക്കുന്നില്ലതാനും" (ആമോസ് 6:1, 5,6)*

*പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ!*

*ക്രിസ്തുവിന്റെയും അവന്റെ സുവിശേഷവും നിമിത്തം ആരെങ്കിലും ഉപദ്രവിക്കപ്പെട്ടാൽ അവർക്ക് പ്രതിഫലമായി കിരീടം കാത്തിരിക്കുന്നു. മിഷണറി ദൗത്യത്തിന്റെ ഒടുവിൽ പൗലോസ് ഇപ്രകാരം സാക്ഷീകരിച്ചു, "ഞാൻ*

*ദുഷ്പ്രവൃത്തിക്കാരൻ എന്ന പോലെ ചങ്ങല ധരിച്ചു കഷ്ടം വഹിക്കുന്നു; ദൈവ വചനത്തിനോ ബന്ധനം ഇല്ല... നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും" (2 തിമൊ. 2:9, 11, 12). അത്തരത്തിൽ ഉത്സാഹഭരിതമായ പ്രത്യാശയുള്ളവരെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേല്പു ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു" (എബ്രാ. 11:35). വിശ്വാസവീരന്മാരുടെ നിയന്ത്രിത ശക്തി ഇതാണ്: "ക്രിസ്തു എനിക്ക് വേണ്ടി മരിച്ചെങ്കിൽ, എന്റെ ഒരു ത്യാഗവും വലുതല്ല!"*

*നമ്മെ പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുകയ.ും അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നതു നമ്മുടെ ദൗത്യമാണെങ്കിലും, അവർ മാനസാന്തരപ്പെട്ടില്ലെങ്കിൽ ദൈവം അവരെ ന്യായം വിധിക്കും. വെളിപ്പാട് പുസ്തകത്തിൽ പറയുന്നത് : "സ്വർഗ്ഗമേ, വിശുദ്ധന്മാരും അപ്പോസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ, ദൈവം അവളോട് നിങ്ങൾക്ക് വേണ്ടി പ്രതികാരം നടത്തിയതുകൊണ്ട് അവളെച്ചൊല്ലി ആനന്ദിപ്പിൻ... പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും ഭൂമിയിൽ വെച്ചു കൊന്നുകളഞ്ഞ എല്ലാവരുടെയും രക്തം അവളിൽ അല്ലോ കണ്ടത് " (വെളി. 18:20, 24)*

*എല്ലാവരും രക്തസാക്ഷികളായി വിളിക്കപ്പെട്ടവരല്ല. എന്നാൽ കമ്മ്യൂണിസ്റ്റ് ചൈനയിൽ പീഡിപ്പിക്കപ്പെട്ടവാച്ച്മാന്റീനയുടെ (1903 – 1972) വാക്കുകൾ ഇപ്രകാരമായിരുന്നു: "കഷ്ടം അനുഭവിക്കുവാനുള്ള ഒരു മനസ്സ് നമുക്കുണ്ടാകണം!" എന്തുകൊണ്ടെന്നാൽ, "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നല്കിയിരിക്കുന്നു!" (ഫിലി.1:29).*

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

*ഓരോരോ മാസവും ജാമക്കാരൻ മാസിക പ്രത്യേക തീയതികളിൽ അയയ്ക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് മാസിക കിട്ടാത്തവർ* **അതതുമാസത്തെ അവസാനദിവസം വരെ** *കിട്ടാതിരുന്നാൽ മാത്രം മാസികയ്ക്കായി ബന്ധപ്പെടുക. ഫോൺ മുഖേന ബന്ധപ്പെടുവാൻ നിങ്ങൾക്ക് പ്രയാസമായിരിക്കും. ആയതിനാൽ* **കത്തു മുഖേന** *അറിയിക്കുന്നത് നല്ലതായിരിക്കും. ഒപ്പം പൂർണ്ണ മേൽവിലാസവും ഫോൺനമ്പറും കൂടി എഴുതി അറിയിക്കണം.* **മാസിക വേണ്ടാത്തവർ** *കവറിനു പുറത്ത്* **REFUSED** *എന്നെഴുതി പോസ്റ്റ്ബോക്സിൽ നിക്ഷേപിക്കു അതിന് പ്രത്യേക സ്റ്റാമ്പൊന്നും ഒട്ടിക്കണ്ട.*

# Why Are Marriages Failing ?

**By David McClain**

I had an uncle with a pain in his neck that caused him to constantly wince. Doctors could not diagnose the problem, so he lived with it for years. In time his neck began to permanently lean to the side. None of the treatments prescribed worked. About 25 years later he went to a dentist to remove a bad tooth and was immediately relieved of all the pain. He suffered all those years unnecessarily due to a flawed diagnosis and treatment.

A wrong diagnosis can be costly and dangerous. I believe that every day we all witness a disastrous, dangerous misdiagnosis of mass proportions. Yet we continue full bore on the same path that got us into the mess that is the unraveling of marriage.

The diagnosis in our culture is that man is basically good but his self esteem has been damaged by negative influences. The problem with this diagnosis is that it is flat out wrong. I want to propose a different diagnosis and solution to the problem by asking, "How does our sinful self obsession impact our marriages?"

Our self obsession causes us to hide the truth about ourselves and blame others for our flaws. This self obsession becomes a curse that that impacts our marriages in painful, destructive ways. It causes us to try to hide the truth about ourselves (Gen. 3:9-11). When exposed we evade responsibility and blame others for our wrongs. We want to appear as righteous, yet, we are not – so we blame. In this simple exchange we see why marriages are in trouble.

In their book Mistakes Were Made (But Not By Me), social psychologists Carol Tavris and Elliot Aronson describe how a fixation on our own righteousness can choke the life out of love, they write: "The vast majority of couples who drift apart do so slowly, over time, in a snowballing pattern of blame and self justification. Each partner focuses on what the other one is doing wrong while justifying his or

her own preferences, attitudes and ways of doing things….. From our standpoint, therefore, misunderstandings, conflicts, personality differences and even angry quarrels are not the assassins of love; self justification is".

Our sinful self obsession impacts our marriages by causing the proper God given roles in life to be damaged (Gen. 3:14-19). For man his curse is that he will face frustration in his work. For the woman, her role as man's complement is impaired. When you put this together you can already see an unhealthy scenario.

What are some steps we can take to reduce the impact of our selfish impulses?

Confront your own self centeredness – don't wait for the other person to act first.

Accept responsibility for your sin- stop pretending to be the only victim and pass blame to others.

Know that you will not find the perfect person. There will be some red flags for you to consider.

Red flags alone are not the issue, it is your willingness to accept an imperfect person – just as they must accept you.

Understand that the painful vulnerability that healing a damaged relationship requires begins with self sacrifice like that of Jesus. It is a sacrifice that may require a very high cost. But like Jesus, it is in that sacrifice that we have hope for our greatest fulfillment.

Like my uncle who suffered from debilitating pain for years due to a misdiagnosis, I believe our marriages and relationships suffer because we have accepted the wrong diagnosis. Our marriages are in major crisis because of it. What are some steps we can take to reduce the impact of our selfish impulses?

## (UAE) ഷാർജ C.S.I. CHURCH കൺവെൻഷൻ



സ്ഥലം : (UAE) ഷാർജ CSI Tamil Church

തീയതി : 2019 ഏപ്രിൽ 9, 10 & 11 (ബുധൻ, വ്യാഴം, വെള്ളി)

സമയം : 06.30 pm

പ്രാസംഗികൻ : **Dr. PUSHPARAJ** (ജാമക്കാരൻ എഡിറ്റർ)

കൗൺസലിംഗിനും, പ്രാർത്ഥനയ്ക്കും ബന്ധപ്പെടുവാൻ.

| (Presbyter & President) | (Secretary) |
|---|---|
| Rev. R. RANJITH SUTHIR | Mr. ARUNKUMAR |
| (Mob : 0509367576) | (00971506385746) |

കുറിപ്പ് : മലയാളികളായ സഭാവിശ്വാസികൾക്ക് കൗൺസലിംഗിനും പ്രാർത്ഥനയ്ക്കുമായി പ്രത്യേക സമയം ക്രമീകരിച്ചിട്ടുണ്ട്. ഇതിലേക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 00971506385746 (Secretary)

**DECEMBER - 2018**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.